**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5045** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യക്കിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മഹാമാരിയെ തുടർന്ന് ആരംഭിച്ച ഭക്ഷ്യക്കിറ്റ് വിതരണത്തിന് ഓരോ മാസവും ചെലവഴിക്കുന്ന തുക എത്രയെന്നും റേഷൻ കാർഡുടമകളുടെ/കുടുംബങ്ങളുടെ എണ്ണവും അറിയിക്കുമോ; | (എ) | സൗജന്യ ഭക്ഷ്യ കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് 2021 ജൂൺ വരെ 5053.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യകിറ്റ് വിതരണത്തിനായി സപ്ലൈകോ വിവിധ മാസങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്ത കിറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ഭക്ഷ്യക്കിറ്റിന് കേന്ദ്ര വിഹിതം അനുവദിച്ചിട്ടുണ്ടോയെന്നും സംസ്ഥാനം ഇതിലേക്ക് മാറ്റി വെച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ? | (ബി) | ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്രസർക്കാർ സാമ്പത്തിക വിഹിതം അനുവദിച്ചിട്ടില്ല. ഭക്ഷ്യകിറ്റ് വിതരണത്തിനായി ഓരോ ഘട്ടത്തിലും വേണ്ടി വരുന്ന തുക സപ്ലൈകോയുടെ ശുപാർശ പ്രകാരമാണ് അനുവദിച്ചു നല്കാറുള്ളത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | കിറ്റ് | വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം | ഒരു കിറ്റിന്റെ വില | ആകെ വില (കോടിയിൽ) |
|---|---|---|---|---|
| 1 | കോവിഡ് അതിജീവന കിറ്റ് (ഏപ്രിൽ-മെയ് 2020) | 8490066 | 973.79 | 826.75 |
| 2 | ഓണക്കിറ്റ് 2020 | 8372346 | 500 | 418.62 |
| 3 | കോവിഡ് സമാശ്വാസക്കിറ്റ്-സെപ്റ്റംബർ 2020 | 8391540 | 416.63 | 349.62 |
| 4 | കോവിഡ് സമാശ്വാസക്കിറ്റ്-ഒക്ടോബർ 2020 | 8368639 | 416.63 | 348.66 |
| 5 | കോവിഡ് സമാശ്വാസക്കിറ്റ്-നവംബർ 2020 | 8451196 | 416.63 | 352.10 |
| 6 | കോവിഡ് സമാശ്വാസക്കിറ്റ്-ഡിസംബർ 2020 | 8333929 | 503.96 | 420.00 |
| 7 | കോവിഡ് സമാശ്വാസക്കിറ്റ്-ജനുവരി 2021 | 8403437 | 402.49 | 338.23 |
| 8 | കോവിഡ് സമാശ്വാസക്കിറ്റ്-ഫെബ്രുവരി 2021 | 8473185 | 427.49 | 362.22 |
| 9 | കോവിഡ് സമാശ്വാസക്കിറ്റ്-മാർച്ച് 2021 | 8475139 | 402.49 | 341.12 |
| 10 | കോവിഡ് സമാശ്വാസക്കിറ്റ്-ഏപ്രിൽ 2021 | 8576854 | 521 | 446.85 |
| 11 | കോവിഡ് സമാശ്വാസക്കിറ്റ്-മെയ് 2021 | 8529179 | 482.35 | 411.40 |
| 12 | കോവിഡ് സമാശ്വാസക്കിറ്റ്-ജൂൺ 2021 | 8362979 | 471.35 | 394.19 |
| 13 | ഓണക്കിറ്റ് 2021 (09.08.2021 വരെയുള്ള കണക്ക്) | 781341 | 563.75 | 44.05 |

**സെക്ഷൻ ഓഫീസർ**